# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1051** **06.06.2018 ലെ മറുപടി**

### തൃശ്ശൂർ ജില്ലയിലെ റഗുലേറ്ററുകളിൽ സ്ഥിരം ബണ്ടുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുരളി പെരുനെല്ലി:** | **മാത്യു ടി. തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) തൃശ്ശൂർ ജില്ലയിലെ ഏനാമാക്കൽ, ഇടിയഞ്ചിറ, മുനയം എന്നീ റഗുലേറ്ററുകളിൽ റിംഗ് ബണ്ട് നിർമ്മാണത്തിനായി വർഷം തോറും തുക ചെലവഴിക്കുന്നത് ഒഴിവാക്കുന്നതിനും യഥാസമയം അറ്റകുറ്റപ്പണികൾ നടത്താൻ കഴിയാതെ വരുന്ന സമയങ്ങളിൽ ഉപ്പ് വെള്ളം കയറി കൃഷി നശിക്കുകയും കടലിലേക്ക് മണ്ണ് ഒലിച്ച് പോകുകയും ചെയ്യുന്ന സാഹചര്യം ഇല്ലാതാക്കാനും സ്ഥിരം റിംഗ് ബണ്ട് സംവിധാനം ഏർപ്പെടുത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | (എ) തൃശ്ശൂർ ജില്ലയിലെ കരുവന്നൂർ പുഴയ്ക്ക് കുറുകെ മുനയത്ത് റഗുലേറ്റർ നിർമ്മിക്കുന്നതിനായി നബാർഡ് XXIII എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 03.01.2018 തീയതിയിലെ ജി.ഒ (ആർ.ടി) നം.7/2018/ഡബ്ല്യു ആർ.ഡി ഉത്തരവ് പ്രകാരം 24.00 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. ഈ പ്രവൃത്തിക്കാവശ്യമായ സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഏനാമാക്കൽ, ഇടിയഞ്ചിറ എന്നിവിടങ്ങളിൽ സ്ഥിര സംവിധാനമായ റഗുലേറ്ററുകൾ ഉണ്ട്. ഇവ യഥാക്രമം 60 വർഷം, 18 വർഷം എന്നിങ്ങനെ പഴക്കമുള്ളവയാണ്. ആയതിനാൽ ഈ സ്ലൂയിസുകളുടെ നവീകരണ പ്രവൃത്തികൾ നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്. സിവിൽ പ്രവർത്തികൾക്കു പുറമേ മെക്കാനിക്കൽ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ താൽക്കാലിക ബണ്ടുകൾ നിർമ്മിക്കുന്നത് ഒഴിവാക്കുന്നതിന് സാധ്യമാകുകയുള്ളൂ. ഇതിനായി ഇല്ലിക്കൽ റഗുലേറ്ററിന്റെ പുനരുദ്ധാരണ പ്രവർത്തികൾക്കായി 2.0 കോടി രൂപയുടേയും ഇടയഞ്ചിറ റഗുലേറ്ററിന് മുകൾ ഭാഗത്ത് ചെക്ക് ഡാം നിർമ്മാണത്തിനായി 6.00 കോടി രൂപയുടെയും പ്രൊപ്പോസൽ 13-ാം |

പഞ്ചവത്സര പദ്ധതിയിലെ 2ാം വർഷ പരിപാടി 2018-19 ൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചു വരുന്നു.

(ബി) സ്ഥിരം സംവിധാനം എന്ന നിലയിൽ റബ്ബർ ബണ്ടുകൾ നിർമ്മിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?

(ബി) റബ്ബർ ബണ്ടുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ഒന്നും തന്നെ തുടങ്ങിയിട്ടില്ല. ഇതിന്റെ സാധ്യതകളെക്കുറിച്ച് പരിശോധന നടത്തി വരുന്നു.

**സെക്ഷൻ ഓഫീസർ**